തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ നടപടിക്രമം

(ഹാജർ : Geromic George IAS)

സംഗ്രഹം

വിഷയം : തദ്ദേശസ്വയംഭരണ വകുപ്പ് - പ്രിൻസിപ്പൽ ഡയറക്ടറേറ്റ് - ജീവനക്കാര്യം - മുൻ ഗ്രാമ-നഗരാസൂത്രണ വകുപ്പ് - ക്ലാർക്ക് തസ്തികയിൽ നിന്നും സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് സ്ഥാനക്കയറ്റം നല്കിയും സ്റ്റേഷൻ അനുവദിച്ചും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ് നമ്പർ LSGD/PD/17088/2025-DEC5 തീയതി: 17-02-2026

പരാമർശം: ജില്ലാ ജോയിന്റ് ഡയറക്ടർമാരിൽ നിന്നും ശേഖരിച്ച സ്ഥാനക്കയറ്റ യോഗ്യത നേടിയിട്ടുള്ള ക്ലാർക്കുമാരുടെ വിവരം.

ഉത്തരവ്

ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിൽ ഉൾപ്പെട്ട മുൻ ഗ്രാമ-നഗരാസൂത്രണ വകുപ്പിലെ സീനിയർ ക്ലാർക്ക് തസ്തികയുടെ കേഡർ സ്ട്രെങ്ത്തിൽ ഉൾപ്പെട്ടിരുന്ന ജീവനക്കാരുടെ വിരമിക്കൽ കാരണം മുൻ ഗ്രാമ-നഗരാസൂത്രണ വകുപ്പിൽ സീനിയർ ക്ലാർക്ക് തസ്തികയുടെ കേഡർ സ്ട്രെങ്ത്തിൽ ഒഴിവ് ഉണ്ടായിട്ടുള്ളതാണ്. ടി ഒഴിവിലേക്ക് മുൻ ഗ്രാമ-നഗരാസൂത്രണ വകുപ്പിലെ ക്ലാർക്ക് തസ്തികയിലെ കേഡർ സ്ട്രെങ്ത്തിൽ ഉൾപ്പെട്ടിട്ടുള്ളതും സീനിയർ ക്ലാർക്ക് തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റത്തിന് അർഹത നേടിയിട്ടുള്ളതുമായ താഴെ പറയുന്ന ജീവനക്കാരന് 35600-75400 രൂപ ശമ്പള സ്കെയിലിൽ താത്കാലിക സ്ഥാനക്കയറ്റം നല്കിയും സ്റ്റേഷൻ അനുവദിച്ചും ഉത്തരവാകുന്നു.

ക്രമ നം	സീനിയോരിറ്റി നമ്പരും വർഷവും	പേര്, നിലവിലെ ഓഫീസ്	പെൻ നം	നിയമനം നല്കുന്ന ഓഫീസ്	റിമാർക്സ്
1	11	ഷിംന പി.പി, എൽ,ഐ.ഡി ആന്റ് ഇ.ഡബ്ല്യു ഡിവിഷൻ കണ്ണൂർ	816959	കേളകം ഗ്രാമ പഞ്ചായത്ത് കണ്ണൂർ	

- മേൽ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ജീവനക്കാരുടെ ടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ/ഓഫീസുകളിലെ നിയമനം താത്കാലികമായിരിക്കും. 2025 ലെ പൊതുസ്ഥലംമാറ്റ നടപടികളുടെ ഭാഗമായി ജീവനക്കാർ സർക്കാരിലേക്ക് സമർപ്പിച്ചിട്ടുള്ള അപ്പീൽ അപേക്ഷയുടെ തീർപ്പ് അനുസരിച്ച് അനുകമ്പാർഹത, ഭരണസൌകര്യം എന്നിവയുടെ അടിസ്ഥാനത്തിൽ ജീവനക്കാർക്ക് ഉചിതമായ നിയമനം നല്കുന്നതിനായി ടി നിയമനങ്ങൾ പുന:പരിശോധിക്കുന്നതായിരിക്കും. ഇത്തരത്തിൽ പുന:പരിശോധനയുടെ ഭാഗമായി ടിയാളുകളെ മറ്റൊരു സ്റ്റേഷനിലേക്ക് സ്ഥലംമാറ്റേണ്ടുന്നതായി കാണുന്ന പക്ഷം ഈ ഉത്തരവ് പ്രകാരമുള്ള സ്റ്റേഷനിൽ തുടരുന്നതിന് ടിയാളുകൾക്ക് അർഹതയുണ്ടായിരിക്കുന്നതല്ല. ഇത്തരത്തിൽ പുന:പരിശോധനയുടെ ഭാഗമായി സ്ഥലംമാറ്റപ്പെടുന്ന ജീവനക്കാരുടെ അതേ സ്റ്റേഷനിൽ തുടരുന്നതിനുള്ള അപേക്ഷകളും

അവകാശവാദങ്ങളും യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

- ടി ജീവനക്കാർ നിലവിൽ സേവനത്തിൽ തുടരുന്ന സ്ഥാപനനങ്ങളിലെ മേധാവിമാർ ടി ജീവനക്കാരെ അടിയന്തരമായി വിടുതൽ ചെയ്യിക്കേണ്ടതും അത്തരത്തിൽ വിടുതൽ ചെയ്ത ജീവനക്കാർ നിയമാനുസൃത കാലയളവിനുള്ളിൽ സേവനത്തിൽ പ്രവേശിക്കേണ്ടതുമാണ്.
- സീനിയർ ക്ലാർക്ക് തസ്തികയുടെ കേഡർ സ്ട്രെങ്ത്തിൽ ഉണ്ടായിട്ടുള്ള ഒഴിവുകൾ അടിയന്തരമായി നികത്തുന്നതിന്റെ ഭാഗമായി പുറപ്പെടുവിച്ചിട്ടുള്ള ഈ ഉത്തരവ് പ്രകാരം സ്ഥാനക്കയറ്റം ലഭിച്ചിട്ടുള്ള ജീവനക്കാരെ നിലവിലെ സ്റ്റേഷനിൽ നിന്നും വിടുതൽ ചെയ്ത് ടി വിവരം ബന്ധപ്പെട്ട ജില്ലാ ജോയിന്റ് ഡയറക്ടറേയും ടി ജീവനക്കാരന് നിയമനം നല്കിയിട്ടുള്ള സ്ഥാപന മേധാവിയെയും അറിയിക്കേണ്ടത് സ്ഥാനക്കയറ്റം ലഭിച്ചിട്ടുള്ള ജീവനക്കാരൻ നിലവിൽ സേവനത്തിൽ തുടരുന്ന സ്ഥാപന മേധാവിയുടെ ഉത്തരവാദിത്തമാണ്.
- സ്ഥാനക്കയറ്റം നേടിയ ജീവനക്കാർ നിലവിലെ സ്ഥാപനത്തിലെ സേവനത്തിൽ നിന്നും വിടുതൽ ചെയ്യുന്നതിന് മുന്നോടിയായി ടി ജീവനക്കാർ നിലവിൽ വഹിക്കുന്ന ചുമതല യഥാവിധി കൈമാറിയിട്ടുണ്ടെന്ന് ബന്ധപ്പെട്ട സ്ഥാപനമേധാവികൾ ഉറപ്പ് വരുത്തേണ്ടതാണ്.
- മേൽ ജീവനക്കാരുടെ വിടുതൽ/സേവനത്തിൽ പ്രവേശിക്കൽ എന്നിവ ബന്ധപ്പെട്ട സ്ഥാപന മേധാവികൾ ഈ കാര്യാലയത്തിലേക്ക് നേരിട്ട് റിപ്പോർട്ട് ചെയ്യേണ്ടതില്ലാത്തതാണ്. ടി ജീവനക്കാരുടെ വിടുതൽ/സേവനത്തിൽ പ്രവേശിക്കൽ എന്നിവ ബന്ധപ്പെട്ട സ്ഥാപനമേധാവികൾ ജില്ലാ ജോയിന്റ് ഡയറക്ടർ ഓഫീസിലേക്ക് മാത്രം റിപ്പോർട്ട് ചെയ്യേണ്ടതാണ്. അത്തരത്തിൽ ജില്ലാ ജോയിന്റ് ഡയറക്ടർ ഓഫീസിൽ റിപ്പോർട്ട് ചെയ്യപ്പെടുന്നവ ക്രോഡീകരിച്ച് മാത്രം ഈ കാര്യാലയത്തിലേക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.
- മേൽ ജീവനക്കാരുടെ വിടുതൽ/സേവനത്തിൽ പ്രവേശിക്കൽ എന്നിവ ബന്ധപ്പെട്ട ജില്ലാ ജോയിന്റ് ഡയറക്ടർമാർ നിരീക്ഷിക്കേണ്ടതും സ്ഥാനക്കയറ്റം ലഭിച്ചിട്ടുള്ള മുഴുവൻ ജീവനക്കാരും നിലവിലെ സ്റ്റേഷനിൽ നിന്നും സമയബന്ധിതമായി വിടുതൽ ചെയ്തിട്ടുണ്ടെന്നും, നിയമനം ലഭിച്ചിട്ടുള്ള സ്റ്റേഷനിൽ സ്ഥാനക്കയറ്റ തസ്തികയിൽ സേവനത്തിൽ പ്രവേശിച്ചിട്ടുണ്ടെന്നും ഉറപ്പ് വരുത്തേണ്ടതുമാണ്. സ്ഥാനക്കയറ്റം ലഭിച്ചിട്ടുള്ള ജീവനക്കാർ സമയബന്ധിതമായി സേവനത്തിൽ നിന്നും വിടുതൽ ചെയ്യാത്ത പക്ഷം ആയത് സംബന്ധിച്ച് ബന്ധപ്പെട്ട സ്ഥാപനമേധാവികളിൽ നിന്നും ജില്ലാ ജോയിന്റ് ഡയറക്ടർമാർ വിശദീകരണം ആവശ്യപ്പെടേണ്ടതും, ആയത് പരിശോധിച്ച് ജില്ലാ ജോയിന്റ് ഡയറക്ടറുടെ വിശദമായ ശിപാർശ സഹിതം മാത്രം ടി വിവരം ഈ കാര്യാലയത്തിലേക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

Geromic George IAS
PRINCIPAL DIRECTOR

പകർപ്പ്:
1. എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർമാർക്കും.
2. ബന്ധപ്പെട്ട സ്ഥാപനമേധാവികൾക്ക് (ജില്ലാ ജോയിന്റ് ഡയറക്ടർമാർ മുഖേന
3. ബന്ധപ്പെട്ട ജീവനക്കാർക്ക് (നിലവിലെ സ്ഥാപനമേധാവികൾ മുഖേന)
4. സൂപ്രണ്ട്, ജി.ഇ.എ. സെക്ഷൻ.
5. സിസ്റ്റം അഡ്മിനിസ്ട്രേറ്റർ
6. കരുതൽ ഫയൽ / ഓഫീസ് കോപ്പി

Signed by
Geromic George
Date: 17-02-2026 14:59:46